**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5293** **15/11/2019 -ൽ മറുപടിക്ക്**

## കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗ നിർദ്ദേശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ | | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (എ) | Guidelines for Development of sports Infrastructure and Equipment in Universities and colleges during XII Plan (2012-17) എന്നൊരു രേഖ യു.ജി.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. XII Plan guidelines Centre of Excellence for Development of Sports (CEDS) in Universities (2012-17) എന്നൊരു മാർഗ്ഗ രേഖയും യു.ജി.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരം അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന് കീഴിലുള്ള സ്പോർട്സ് ഡിവിഷൻ ആണ് കായിക പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. |
| (ബി) | പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ടവ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 12-ാം പഞ്ചവത്സര പദ്ധതി (2012-17) പ്രകാരമുള്ള 'Development of Sports infrastructure and equipments in universities and colleges' എന്ന യു.ജി.സി.പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്പോർട്സിലൂടെ യുവജനങ്ങളുടെ ഊർജ്ജം ക്രിയാത്മകരീതിയിൽ രാഷ്ട്ര നിർമ്മിതിക്ക് ഉപയോഗപ്പെടുത്തുക.<br>2. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വിവിധ സ്പോർട്സ് മത്സര ഇനങ്ങളിൽ ഒരു ദേശീയ വേദി ഒരുക്കുക.<br>3. ഇതിനായി എല്ലാ വർഷവും നാഷണൽ യൂണിവേഴ്സിറ്റി ഗെയിംസ് സംഘടിപ്പിക്കുക. വിജയികൾക്ക് മൗലാനാ അബ്ദുൽ കലാം ആസാദ് ട്രോഫി സമ്മാനിക്കുക. കൂടാതെ ദേശീയ തലത്തിലും 4 സോണുകളായും 206 ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.<br>4. കായിക വകുപ്പ് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റികൾക്ക് ഇത്തരം മത്സരം സംഘടിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുക.<br>5. ലോക സർവ്വകലാശാല ചാമ്പ്യൻഷിപ്പിന് മത്സരാർത്ഥികളെ തെരഞ്ഞെടുത്തയക്കുക.<br>6 Capacity Building/Sports Management Programme എന്നീ വിഷയങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുക, ഉത്തേജക മരുന്ന് തുടങ്ങിയ ദുഷ് പ്രവണതകൾക്കെതിരെ അത്‌ലറ്റുകൾ, കോച്ചുകൾ, |

ട്രെയിനർമാർ എന്നിവരെ ബോധവത്ക്കരിക്കുക

7. യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ സ്പോർട്സ് ഇൻഫ്രാ സ്ട്രക്ചർ ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സഹായം നൽകുക.

കൂടാതെ വിവിധ സ്പോർട്സ് മേഖലകളിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ ഘട്ടം ഘട്ടമായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുക, വിവിധ സ്പോർട്സ് ഇനങ്ങളിലുള്ള കുട്ടികളുടെ മുൻപരിചയം കണക്കിലെടുത്ത് അവർക്ക് ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യം എന്നിവ ലഭ്യമാക്കുക, യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുക, പ്രസ്തുത ധനസഹായത്തിന്റെ കൃത്യമായ വിനിയോഗം ഉറപ്പു വരുത്തുക എന്നിവയെല്ലാം പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(സി) നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(സി) പ്രസ്തുത നിർദ്ദേശ പ്രകാരം കാലിക്കറ്റ് സർവ്വകലാശാലയിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

- AIIU, Sports Division നിർദ്ദേശിച്ച Zonal, National മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- സ്പോർട്സ് ഡെവലപ്മെന്റിനാവശ്യമായ വിവിധ സൗകര്യങ്ങൾ സ്റ്റേഡിയം കോർട്ടുകൾ, ട്രാക്കുകൾ, ഉപകരണങ്ങൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.
- വിവിധ ഇനങ്ങളിൽ ദേശീയ [illegible] മത്സരങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.
- കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കായിക ക്ഷമത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി COFE(College Fitness Education Programme) എന്ന പദ്ധതി നടപ്പാക്കി വരുന്നു.
- കായിക ക്ഷമതയിൽ വിജയിക്കുന്ന കുട്ടികൾക്ക് യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കുന്നു.

**സെക്ഷൻ ഓഫീസർ**